# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഭാഷയുടെ അതിർവരമ്പുകൾ മറികടക്കാൻ കൂട്ടായ പ്രവർത്തനം നടത്തേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that it is the responsibility of every citizen to work in unity to overcome language barriers.**

2. ജി-20 യുടെ നേതൃത്വം നിലനിർത്തുന്നതിന് ആഗോള വെല്ലുവിളികളെ കൃത്യമായി അഭിമുഖീകരിക്കണ്ടേത് അനിവാര്യമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

   **External Affairs Minister Dr. S. Jaishankar has underlined that in order to retain its leadership, the G20 must be accurately reflective of global challenges in their entirety**

3. മഹാരാഷ്ട്രയിൽ നടക്കുന്ന പശ്ചിമ മേഖല കൗൺസിലിന്റെ 27-ാമത് യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് പങ്കെടുക്കും.

   **Union Home and Cooperation Minister Amit Shah will chair the 27th meeting of the Western Zonal Council of the Ministry of Home Affairs today in Maharastra.**

4. ഉപയോഗ ശൂന്യമായ മരുന്നുകൾ വലിച്ചെറിയുന്നത് തടയാൻ കേരള സർക്കാർ ആവിഷ്ക്കരിക്കുന്ന **nPROUD** പദ്ധതിക്ക് ഇന്ന് കോഴിക്കോട് തുടക്കം.

The nPROUD project, launched by the Kerala government to prevent the dumping of unused medicines, will begin in Kozhikode today.

5. രഞ്ജി ട്രോഫി ക്രിക്കറ്റിൽ ചരിത്രം കുറിച്ച് കേരളം ഫൈനലിൽ. ഐഎസ്എൽ ഫുട്ബോളിൽ ബംഗളൂരു FC , നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തി.

Kerala made history in Ranji Trophy cricket by entering into the final for the first time. In ISL football, Bengaluru FC defeated NorthEast United.

****************************************************************************

## VP-CHHATRAPATI SAMBHAJINAGAR

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഒരു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് മഹാരാഷ്ട്രയിലെത്തും. ഛത്രപതി സംഭാജിനഗറിലെ ഡോ. ബാബാസാഹേബ് അംബേദ്കർ മറാത്ത്വാഡ സർവകലാശാലയുടെ 65-ാമത് ബിരുദദാന സമ്മേളനത്തിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാകും. സരസ്വതി ഭുവൻ കോളേജിൽ ഭരണഘടനാ അവബോധ വർഷവും അമൃത് മഹോത്സവവും അദ്ദേഹം ഉദ്ഘാടനം ചെയ്യും. തുടർന്ന് ഉപരാഷ്ട്രപതി എല്ലോറയിലെ ഗ്രീഷ്ണേശ്വർ ക്ഷേത്രത്തിൽ പൂജ നടത്തുകയും എല്ലോറ ഗുഹകൾ സന്ദർശിക്കുകയും ചെയ്യും.

****************************************************************************

## PM (INTRO)

ഭാഷയുടെ അതിർവരമ്പുകൾ മറികടക്കാൻ കൂട്ടായ പ്രവർത്തനം നടത്തേണ്ടത് ഓരോ പൗരന്റെയും

ഉത്തരവാദിത്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ 98-ാമത് അഖില ഭാരതീയ മറാത്തി സാഹിത്യ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്)

എല്ലാ ഭാഷകൾക്കും കേന്ദ്ര സർക്കാർ തുല്യപ്രാധാന്യം നല്കുന്നുണ്ടെന്നും അതുകൊണ്ട് തന്നെ ഇന്ത്യൻ ഭാഷകൾക്കിടയിൽ ഒരിക്കലും വേർതിരിവ് ഉണ്ടായിട്ടില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ വൈവിധ്യമാർന്ന പാനൽ ചർച്ചകൾ, പുസ്തക പ്രദർശനങ്ങൾ, തുടങ്ങിയവ ഉണ്ടാകും.

****************************************************************************

## INDIA AUS FRANCE TRILATERAL

ജി-20യുടെ നേതൃത്വം നിലനിർത്തുന്നതിന് ആഗോള വെല്ലുവിളികളെ കൃത്യമായി അഭിമുഖീകരിക്കണമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ 2025 ലെ ജി 20 ലക്ഷ്യങ്ങളെക്കുറിച്ചുള്ള വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. ജി - 20

യോഗത്തിനിടെ ഓസ്ട്രേലിയൻ, ഫ്രഞ്ച് വിദേശകാര്യ മന്ത്രിമാരുമായി ശ്രീ. എസ് ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി. ഇന്തോ - പെസഫിക് മേഖല സംബന്ധിച്ചുള്ള മൂന്ന് രാജ്യങ്ങളുടേയും താത്പര്യം വിദേശകാര്യ മന്ത്രിമാർ വ്യക്തമാക്കി. യൂറോപ്യൻ യുണിയന്റെ വിദേശകാര്യ - സുരക്ഷ നയ പ്രതിനിധിയുമായും ചൈനീസ് വിദേശകാര്യമന്ത്രി വാങ് യിയുമായും ശ്രീ എസ് ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി.

****************************************************************************

## SHAH – WESTERN COUNCIL

മഹാരാഷ്ട്രയിലെ പൂനെയിൽ ഇന്ന് നടക്കുന്ന പശ്ചിമ മേഖല കൗൺസിലിന്റെ 27-ാമത് യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. ഗുജറാത്ത്, ഗോവ, മഹാരാഷ്ട്ര സംസ്ഥാനങ്ങളും ദാദ്ര, നാഗർ ഹവേലി, ദാമൻ, ദിയു എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് പശ്ചിമ മേഖല കൗൺസിൽ. അടിസ്ഥാന സൗകര്യം, ഖനനം, പരിസ്ഥിതി, വനം , ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ, പ്രാദേശിക തലത്തിൽ പൊതു താൽപ്പര്യമുള്ള വിഷയങ്ങൾ എന്നിവ കൗൺസിൽ ചർച്ച ചെയ്യും.

*************************************************************************************

## AMIT SHAH – GUJARAT

രാജ്യത്തെ ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനും ശാക്തീകരണത്തിനും കേന്ദ്ര സർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഗുജറാത്തിലെ ഡാങ് ജില്ലയിൽ നിന്നുള്ള ഗ്രാമീണ, ആദിവാസി സമൂഹത്തിലെ വിദ്യാർത്ഥികളുമായി ന്യൂഡൽഹിയിലെ ഗുജറാത്ത് ഭവനിൽ സംവദിക്കുകയായിരുന്നു അദ്ദേഹം. രാജ്യപുരോഗതിയുടെ അടിത്തറ വിദ്യാർത്ഥികളാണെന്നും അവരുടെ കഠിനാധ്വാനവും അർപ്പണബോധവും ഇന്ത്യയെ പുതിയ ഉയരങ്ങളിലെത്തിക്കുമെന്നും ശ്രീ അമിത് ഷാ പറഞ്ഞു.

*************************************************************************************

## KRISHI VIGYAN MELA

കാർഷിക ഗവേഷണ കൗൺസിൽ സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ പുസ കൃഷി വിജ്ഞാനമേള - 2025 കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. രാജ്യത്തെ മുൻ നിര കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കർഷക ഉൽപാദക സംഘടനകൾ, സംരംഭകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവർ വികസിപ്പിച്ചെടുത്ത ഉത്പന്നങ്ങളും സേവനങ്ങളും സാങ്കേതികവിദ്യകളും മേളയിൽ പ്രദർശിപ്പിക്കും.

***********************************************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് നാളെ. മൻ കി ബാത്തിന്റെ 119-ാാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ നിലയങ്ങളിലൂടെ പരിപാടി ലഭ്യമാക്കും.

***********************************************************************

## PIYUSH GOYAL – JAPAN FDI

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ ജപ്പാൻ നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ. ന്യൂഡൽഹിയിൽ ഇന്ത്യ - ജപ്പാൻ സാമ്പത്തിക - നിക്ഷേപ ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2000 ത്തിനും 2024 നുമിടയിൽ ജപ്പാനിൽ നിന്ന് നേരിട്ടുള്ള വിദേശനിക്ഷേപം 4,300 കോടി ഡോളറാണെന്ന് ശ്രീ ഗോയൽ പറഞ്ഞു. 2011 ൽ ഒപ്പുവെച്ച സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ ഉഭയകക്ഷി വ്യാപാരത്തെ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീ പീയുഷ് ഗോയൽ പറഞ്ഞു.

***********************************************************************

## MEA INDIA ( INTRO)

അമേരിക്കയുടെ ധനസഹായം സംബന്ധിച്ച് അടുത്തിടെ വന്ന പ്രസ്താവനകൾ, ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിലെ വിദേശ ഇടപെടലിനെക്കുറിച്ചുളള ആശങ്കകൾക്ക് വഴിവക്കുന്നതാണെന്ന് വിദേശകാര്യ മന്ത്രാലയം. ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളും ഇക്കാര്യം പരിശോധിച്ചുവരികയാണെന്ന് മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ഇന്നലെ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റക്കാരെ യു.എസ് വിമാനങ്ങളിൽ തിരികെയെത്തിച്ചത് സംബന്ധിച്ച ആശങ്കകൾ

അമേരിക്കൻ ഭരണകൂടവുമായി പങ്കുവെച്ചതായി അദ്ദേഹം അറിയിച്ചു. KIIT യിലെ നേപ്പാളി വിദ്യാർത്ഥിയുടെ മരണത്തിൽ ഒഡീഷ സർക്കാരിനോടും കോളേജ് അധികൃതരോടും വിശദാംശങ്ങൾ തേടിയതായും മന്ത്രാലയം അറിയിച്ചു. ഇന്ത്യയിലുള്ള എല്ലാ വിദേശ വിദ്യാർത്ഥികളുടെയും സുരക്ഷ, ക്ഷേമം എന്നിവയ്ക്ക് കേന്ദ്ര സർക്കാർ മുൻഗണന നൽകുന്നുണ്ടെന്നും ശ്രീ ജയ്സ്വാൾ പറഞ്ഞു.

(വോയിസ്)

**************************************************************************

## VEENA GEORGE

ഉപയോഗ ശൂന്യമായ മരുന്നുകൾ മണ്ണിലോ വെള്ളത്തിലോ വലിച്ചെറിയുന്നത് തടയാൻ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആവിഷ്ക്കരിക്കുന്ന നൂതന പദ്ധതിയായ New Programme for Removal of Unused Drugs , nPROUD ന് ഇന്ന് തുടക്കം. പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് കോഴിക്കോട് നിർവഹിക്കും. കോഴിക്കോട് കോർപ്പറേഷനിലും കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി പഞ്ചായത്തിലുമാണ് ഇത് ആദ്യമായി നടപ്പിലാക്കുന്നത്. തുടർന്ന് പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കും. രാജ്യത്ത് തന്നെ ആദ്യമായാണ് സർക്കാർ തലത്തിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നത്.

**************************************************************************

## NIRMALA SEETHARAMAN

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് കോട്ടയം ഐ.ഐ.ഐ.ടിയുടെ ആറാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. വൈകിട്ട് 4.30 നാണ് ചടങ്ങ്.

**************************************************************************

## RANJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റിൽ ചരിത്രനേട്ടം കുറിച്ച് കേരളം. സെമി ഫൈനലിൽ ഗുജറാത്തിനെതിരെ ഉജ്വല പ്രകടനം കാഴ്ചവച്ച് കേരളം ഇതാദ്യമായി ഫൈനലിൽ പ്രവേശിച്ചു. ബുധനാഴ്ച ആരംഭിക്കുന്ന ഫൈനലിൽ കേരളം വിദർഭയെ നേരിടും.

************************************************************************************************

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ - ബംഗളൂരു FC , നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തി. ഷില്ലോങ്ങിലാണ് മത്സരം നടന്നത്.

************************************************************************************************

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്നലെ മുംബൈ ഇന്ത്യൻസ് - റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ 4 വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് യു.പി വാരിയേഴ്സിനെ നേരിടും. രാത്രി 07.30 നാണ് മത്സരം.

************************************************************************************************

## ISRAEL- HAMAS CEASEFIRE

ഇസ്രായേൽ - ഗാസ വെടിനിർത്തൽ അനിശ്ചിതത്വത്തിൽ തുടരുന്നു. സ്ഥിരമായ വെടിനിർത്തൽ ഏർപ്പെടുത്തുകയും ഇസ്രായേൽ സേന പൂർണ്ണമായി പിൻവാങ്ങുകയും ചെയ്യാതെ കൂടുതൽ ബന്ദികളെ മോചിപ്പിക്കില്ലെന്ന് ഹമാസ് വ്യക്തമാക്കി. എല്ലാ ബന്ദികളെയും ഉടൻ

മോചിപ്പിച്ചില്ലെങ്കിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് ഇസ്രായേൽ ഹമാസിന് മുന്നറിയിപ്പ് നൽകി.

*************************************************************************

## KUMBHMELA

മഹാകുംഭമേളയോട് അനുബന്ധിച്ച് പ്രയാഗ്‌രാജിലെ ത്രിവേണി സംഗമത്തിൽ ഇതുവരെ 59 കോടി 31 ലക്ഷം തീർത്ഥാടകർ പുണ്യസ്നാനം നടത്തി. ഇന്ന് കേന്ദ്രമന്ത്രിയും ബിജെപി ദേശീയ അധ്യക്ഷനുമായ ജെ പി നഡ്ഡ കുംഭമേളയിൽ പങ്കെടുക്കും. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അദ്ദേഹത്തെ അനുഗമിക്കും.

*************************************************************************

## VP - SUSTAINABLE DEVELOPMENT

ഇന്ന് ലോകം നേരിടുന്ന വെല്ലുവിളികൾക്ക് സുസ്ഥിര വികസനം മാത്രമാണ് പരിഹാരമെന്ന് ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻഖർ. ന്യൂഡൽഹിയിൽ നടന്ന 21-ാമത് ആഫ്രിക്കൻ-ഏഷ്യൻ റൂറൽ ഡെവലപ്മെൻ്റ് ഓർഗനൈസേഷൻ കോൺഫറൻസിൻ്റെ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

*************************************************************************

## DELHI ASSEMBLY SESSION

ഡൽഹി നിയമസഭാ സമ്മേളനം തിങ്കളാഴ്ച മുതൽ ആരംഭിക്കും. മൂന്ന് ദിവസമാണ് സഭ ചേരുന്നത്. സ്പീക്കർ , ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പും സഭയിൽ ആദ്യ അജണ്ടയായി സിഎജി റിപ്പോർട്ടും അവതരിപ്പിക്കും.